I/63964/2022

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ബിന്ദുഗോപിനാഥ്) )

വിഷയം:- വനിത ശിശു വികസന വകുപ്പ് –വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റുമാരെ നിയോഗിക്കുന്നതിന് അനുമതി നൽകിയും ഫണ്ട് അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം: സഉ(സാധാ)നം.417/2022/വശിവിവ തീയ്യതി:14/09/2022

**ഉത്തരവ് നം.DWCD/3159/2022-WEC5 തീയതി: 28-10-2022**

വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ പുനരധിവാസത്തിന്റെ ആദ്യഘട്ടമായി, അവരോട് മനുഷ്യത്വപരമായി ഇടപെടേണ്ടതും, അവർക്ക് ആവശ്യമായ മാനസീകസഹായം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്. താമസക്കാരുടെ മാനസീകാവസ്ഥ മെച്ചപ്പെടുത്തി അവരുടെ നഷ്ടപ്പെട്ട ആത്മവിശ്വാസം തിരികെ കൈവരിക്കാൻ പ്രാപ്തരാക്കിയാൽ മാത്രമേ മറ്റ് പുനരധിവാസ പ്രക്രിയകൾ ഫലപ്രദമായി വിനിയോഗിക്കാൻ അവർക്ക് സാധിക്കുകയുള്ളൂ. ആയതിനാൽ വിദഗ്ധരായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റുമാരുടെ സേവനം ടി സ്ഥാപനങ്ങളിലെ താമസക്കാർക്ക് ലഭ്യമാക്കി അവരുടെ മനോധൈര്യം, മാനസീകാരോഗ്യം മുതലായവ തിരികെ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ആയതിലേയ്ക്കായി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റുമാരെ നിയോഗിക്കുന്നതിന് അനുമതി നൽകി പരാമർശ പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 12 മഹിളാമന്ദിരങ്ങൾ, 3 ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്,റസ്ക്യൂ ഹോം, മലപ്പുറം എന്നീ 17 ക്ഷേമസ്ഥാപനങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റുമാരെ നിയമിക്കുന്നതിന് അനുമതി നൽകുന്നു. ടി ആവശ്യത്തിലേക്കായി, ജില്ലാതലത്തിലുള്ള ICPS പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റ് പാനലിലെ വിദഗ്ധരുടെ സേവനം വിനിയോഗിക്കാവുന്നതും, പാനലിലെ ടി വിദഗ്ധരുടെ സേവനം ലഭ്യമല്ലെങ്കിൽ അതാത് ജില്ലകളിൽ ലഭ്യമായതും വിദഗ്ധരുമായ മറ്റ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റുമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്. ആഴ്ചയിൽ 2 ദിവസം എന്ന തോതിൽ പ്രതിമാസം 8 സെഷനുകളിലായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്ക്യാട്രിസ്റ്റ്മാരുടെ സേവനം വിനിയോഗിക്കേണ്ടതാണ്.

ആയതിലേക്ക് ഒരു സെഷന് 1500/-രൂപ പ്രകാരം പ്രതിമാസം(8 സെഷനുകൾക്ക്) ഒരു സ്ഥാപനത്തിന് 12,000/-രൂപ വീതം 17 സ്ഥാപനങ്ങൾക്ക് 2022 നവംബർ മുതൽ 2023 ഫെബ്രുവരി വരെയുള്ള 4 മാസത്തേക്ക് ആകെ 8,16,000/-രൂപ(എട്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം അതാത് സ്ഥാപനസൂപ്രണ്ടുമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

I/63964/2022

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര് | സ്ഥാപനങ്ങളുടെ എണ്ണം | 2022-23 സാമ്പത്തിക വർഷത്തേക്ക് അനുവദിക്കുന്ന തുക(രൂപ) |
|---|---|---|---|
| 1 | മഹിളാമന്ദിരങ്ങൾ (ഇടുക്കി, വയനാട് ഒഴികെ) | 12 | 12000 x 4 x 12 = 5,76,000/- |
| 2 | ആഫ്റ്റർ കെയർ ഹോം (കൊല്ലം,കോഴിക്കോട്,കണ്ണൂർ) | 3 | 12000 x 4 x 3 = 1,44,000/- |
| 3 | ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | 1 | 12,000 x 4 x 1 = 48,000/- |
| 4 | റസ്ക്യൂ ഹോം, മലപ്പുറം | 1 | 12000 x 4 x 1 = 48,000/- |
| | **ആകെ** | 17 | **8,16,000/-രൂപ** |

ഇതിലേയ്ക്കാവശ്യമായ 8,16,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

തുക വിനിയോഗിച്ച ശേഷം, ധനവിനിയോഗസർട്ടിഫിക്കറ്റ്, ചെലവ് വിവരപ്പട്ടിക എന്നിവ സ്ഥാപനസൂപ്രണ്ടുമാർ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതശിശുവികസനഡയരക്ടർ

**എല്ലാ ക്ഷേമസ്ഥാപനസൂപ്രണ്ടുമാർക്കും**

<u>പകർപ്പ്:</u>

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് ലഭ്യമാക്കുന്നതിന്)
2. എല്ലാ ജില്ലാവനിതശിശുവികസനഓഫീസർമാർക്കും (വയനാട്,ഇടുക്കി ഒഴികെ)
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.